"ഭരണഭാഷ-മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/6373/2014

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 22.05.2014.

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് - ജൂലൈ/ആഗസ്റ്റ് 2014 - അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- ജി1/6373/14(1) നമ്പരായുള്ള 17.05.14-ലെ രണ്ടാം സെമസ്റ്റർ പരീക്ഷയുടെ വിജ്ഞാപനം.

* * *

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രണ്ടാം സെമസ്റ്ററിലേക്ക് നടക്കുന്ന എ.ഐ.ടി.ടി ജൂലൈ/ആഗസ്റ്റ് 2014 പരീക്ഷയുടെ അപേക്ഷാ ഫാറത്തിനൊപ്പം ഹാൾടിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം സൂചന പ്രകാരമുള്ള വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ടി വിഷയത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ആദ്യ സെമസ്റ്റർ പരീക്ഷയുടെ ഹാൾടിക്കറ്റുകൾ ലഭ്യമായ ട്രെയിനികളുടെ അപേക്ഷയോടൊപ്പം ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാൾടിക്കറ്റ് ലഭ്യമല്ലാത്ത ട്രെയിനികളുടെ അപേക്ഷയോടൊപ്പം ടി ട്രെയിനി ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതിയെന്നും (റോൾ നമ്പർ അടക്കമുള്ള വിവരങ്ങൾ രേഖപ്പെടുത്തണം) ടിയാന്റെ ഹാൾടിക്കറ്റ് ലഭ്യമല്ല/ കൈമോശം വന്നു എന്നുള്ള വിവരം ഉൾപ്പെടുത്തി ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഗവൺമെന്റ്/ പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തയ്യാറാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. അടുത്ത സെമസ്റ്റർ പരീക്ഷ മുതൽ മുൻവർഷത്തെ ഹാൾടിക്കറ്റുകൾ അപേക്ഷയോടൊപ്പം നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് അനുവദിച്ചിട്ടുള്ള അവസരങ്ങളുടെ വിവരങ്ങൾ ഡി.ജി.ഇ.റ്റി.യിൽ നിന്ന് അറിവായിട്ടില്ല. ആയതിനാൽ രണ്ടാം സെമസ്റ്റർ പരീക്ഷ, ഏക സെമസ്റ്റർ ട്രേഡുകളിലേക്കുള്ള പരീക്ഷ എന്നിവയുടെ അപേക്ഷ ഫാറത്തിൽ ട്രെയിനികളുടെ ഡിക്ലറേഷനിൽ ഉൾപ്പെടുത്തിയ പരീക്ഷ എഴുതുന്നതിന് തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ 6 അവസരങ്ങൾ എന്ന നിബന്ധന റദ്ദ് ചെയ്യുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

<u>പകർപ്പ്:</u>

വകുപ്പ് വെബ്സൈറ്റിലേക്ക്

ആർ.ഇ.23.5.14